■ ഇന്ന് ദേശീയ കൈത്തറി ദിനം

വെട്ടിക്കുറച്ച കേന്ദ്രസഹായം പുനഃസ്ഥാപിച്ചില്ല; യാൺ ബാങ്കുകൾ കടുത്ത പ്രതിസന്ധിയിൽ

എൻ കെ സുജിലേഷ്

കണ്ണൂർ

നാഷണൽ ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായം പത്തിലൊന്നായി വെട്ടിക്കുറച്ചതോടെ ജില്ലാ യാൺ ബാങ്കുകൾ കടുത്ത പ്രതിസന്ധിയിൽ. പ്രവർത്തന വ്യവസ്ഥ താങ്ങാനാകാത്ത അടച്ചുപൂട്ടൽ ഭീഷണിയിലാണിവ. യാൺ ബാങ്കുകളുടെ വായ്പ തിരിച്ചടവും പ്രതിസന്ധിയിലാണ്. ഈ വർഷത്തെ സ്കീം ഭേദഗതിയിലും പരിഗണിച്ചില്ലെങ്കിൽ യാൺ ബാങ്കുകളെ പ്രവർത്തനം നിലയ്ക്കും.

കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് നൂൽ ലഭ്യമാക്കുന്നതിനാണ് യാൺ ബാങ്കുകൾ പ്രവർത്തിക്കുന്നത്. നാഷണൽ ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷനാണ് (എൻഎച്ച്ഡിസി) കൈത്തറി സംഘങ്ങൾക്ക് യാൺ ബാങ്കുകൾ മുഖേന നൂൽ അനുവദിക്കുന്നത്. സംസ്ഥാനത്ത് ഏഴ് യാൺ ബാങ്കുകളാണുള്ളത്. കണ്ണൂരിന് പുറമെ, തിരുവനന്തപുരത്ത് മൂന്നും കോഴിക്കോട്, എറണാകുളം, വേനാംപാലം എന്നിവിടങ്ങളിലുമാണിത്.

മിൽറേറ്റ് പ്രൈസ് സ്കീം വഴി യാണ് രാജ്യത്തെങ്ങും ഒരേ വിലയിൽ നൂൽ വിതരണമാക്കുന്നത്. നെയ്ത്ത് സംഘങ്ങളെ സഹായിക്കുന്നയാൺ ബാങ്കുകളുടെ സുഗമമായ നടത്തിപ്പിനുള്ള പ്രവർത്തനച്ചെലവ് എൻഎച്ച്ഡിസിയാണ് നൽകിയിരുന്നത്. വാർഷിക വിറ്റുവരവിന്റെ രണ്ടര ശതമാനമാണ് ഡിപ്പോ ഓപ്പറേഷൻ ചാർജിനത്തിൽ നൽകിയിരുന്നത്. പിന്നീടത് രണ്ടു ശതമാനമായി കുറച്ചു. 2022 മുതൽ മാസത്തിൽ 15,000 രൂപ മാത്രമാക്കി നിജപ്പെടുത്തുകയായിരുന്നു. മില്ലുകളിൽനിന്ന് എടുക്കുന്ന അതേ വിലയിലാണ് യാൺ ബാങ്കുകൾ സംഘങ്ങൾക്ക് നൂൽ നൽകുന്നത്. അതുകൊണ്ടുതന്നെ യാൺ ബാങ്കുകൾക്ക് മറ്റു വരുമാനമില്ല. ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവുമടക്കം എൻഎച്ച്ഡിസി അനുവദിക്കുന്ന ഡിപ്പോ ഓപ്പറേഷൻ ചാർജിൽനിന്നാണ് കണ്ടെത്തിയിരുന്നത്.

ഏറ്റവും കൂടുതൽ കൈത്തറി സംഘങ്ങളുള്ളത് കണ്ണൂർ ജില്ലായാൺ ബാങ്കിനുകീഴിലാണ്. കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലെ 41 സംഘങ്ങൾക്കാണ് കണ്ണൂർ യാൺ ബാങ്കിനിന്ന് നൂലും ചായങ്ങളും മറ്റ് അസംസ്കൃത വസ്തുക്കളും അനുവദിക്കുന്നത്. മില്ലുകളിൽനിന്ന് നൂൽ വാങ്ങുന്നതിന് സർക്കാർ അനുവദിക്കുന്ന മാർജിൻ മണി വായ്പ തിരിച്ചടയ്ക്കുന്നതും ഡിപ്പോ ഓപ്പറേഷൻ ചാർജിൽനിന്നാണ്. കേന്ദ്രസർക്കാർ സഹായം പരിമിതപ്പെടുത്തിയതോടെ മൂന്നു വർഷമായി യാൺ ബാങ്കുകൾക്ക് മാർജിൻ മണി വായ്പ തിരിച്ചടക്കാനായിട്ടില്ല. ചെലവ് താങ്ങാൻ കഴിയാത്ത സ്ഥിതി വന്നതോടെ പല യാൺ ബാങ്കുകളും ജീവനക്കാരെയും വെട്ടിക്കുറച്ചു.

ബാദി ഉൽപ്പന്നങ്ങൾ വിട്ടിലെത്തും

കണ്ണൂർ

പ്രിയപ്പെട്ടവർക്ക് ഓണക്കോടി നൽകാൻ ഇനി ഷോപ്പുകളിൽ കയറിയിറങ്ങേണ്ട. ഖാദിയുടെ ഇഷ്ടവസ്ത്രം ചുരുങ്ങിയ സമയത്തിനുള്ളിൽ കൈകളിലെത്താൻ 7908436459 എന്ന നമ്പറിൽ (കോൾ/വാട്സ്ആപ്പ്) ബന്ധപ്പെടാൻ മതി.

KPSPM VHSS
East Kallada - 691502
WANTED
Name of Post
Non Vocational Teacher (Sr.) Chemistry
Scale of pay : Rs. 55200 - 115300
No. of Vacancey : One (Permanent)
Qualification 1. Masters Degree in Chemistry with not less than 50% marks awareded by any of the Universities in Kerala or equivalent - recognized qualification.
2. B.Ed and SET or equivalent
Age: between 23 & 40 as on 1-1-2025 (relaxation of age as per rules)
Apply within 15 days from the date of this notification with Bio-data and self attested copies of certificates of qualifying examinations to the undersigned.
Sd/- Manager

■ ഹൃദയം തകർന്ന് ആനാട് ശശിയുടെ കുടുംബം

എന്റെ അണ്ണനെ ആത്മഹത്യയിലേക്ക് തള്ളിവിട്ടത് കോൺഗ്രസ്

സ്വന്തം ലേഖകൻ

നെടുങ്ങണ്ട

'എന്റെ അണ്ണനെ കൊന്നത് അവരാണ്. അദ്ദേഹത്തെ ആത്മഹത്യയിലേക്ക് തള്ളിവിട്ടതാണ്. പാലോട് രവിയും ആനാട് ജയനും ഉൾപ്പെടെയുള്ള നേതാക്കൾക്ക് ഇതിൽ പങ്കുണ്ട്..

മുമ്പേല രാജീവ് ഗാന്ധി സഹകരണ സംഘത്തിൽ നെന്മേക്കോടിയിലെ രൂപ നിക്ഷേപിച്ച് തിരിച്ചുകിട്ടാത്തതിനെത്തുടർന്ന് ജീവനൊടുക്കിയ കോൺഗ്രസ് നേതാവും മലയാള മനോരമയുടെ പ്രാദേശിക ലേഖകനുമായ ആനാട് ശശിയുടെ ഭാര്യ ഡോ. പി ലത തേങ്ങലോടെ പറഞ്ഞു. സിപിഐഎം എം ജില്ലാ സെക്രട്ടറി വി ജോയി എംഎൽഎ യോടും നേതാക്കളോടുമാണ് അവർ മനസ്സ് തുറന്നത്.

സമ്പാദ്യം മുഴുവൻ നഷ്ടപ്പെട്ടിട്ടും അദ്ദേഹം ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. പക്ഷേ, അവർ ഉന്തിത്തള്ളിവിട്ടിട്ട് അത് ചെയ്യിക്കുകയായിരുന്നു. അസുഖം ബാധിച്ച് ആശുപത്രിയിൽ കഴിയുമ്പോൾ ചികിത്സയുള്ള സഹായം പോലും ചെയ്യില്ല– ഡോ. പി ലത പറഞ്ഞു.

ആനാട് ശശിയുടെ ഭാര്യ ഡോ. പി ലതയെ സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി ആശ്വസിപ്പിക്കുന്നു

കുടുംബവസ്തു വിറ്റുകിട്ടിയ തുക ആനാട് ഫാർമേഴ്സ് ബാങ്കിലാണ് നിക്ഷേപിച്ചിരുന്നത്. അത് പിൻവലിപ്പിച്ച് മുണ്ടേല രാജീവ് ഗാന്ധി വൈൽഫയർ സംഘത്തിലിടാൻ നിർബന്ധിച്ചത് നേതാക്കളായിരുന്നു. ബന്ധുവിന്റെ 30 ലക്ഷം രൂപയും ശശിയെക്കൊണ്ട് സംഘത്തിന്റെ അക്കൗണ്ടിലെത്തിച്ചു. നിരവധിപേരെ പാട്ടിലാക്കി നേതാക്കൾ ഇത്തരത്തിൽ സംഘത്തിന്റെ അക്കൗണ്ട് വിർപ്പിച്ചു.

തട്ടിപ്പിനെതിരെ സമഗ്രാന്വേഷണം ഉറപ്പാക്കാൻ ശ്രമിക്കുമെന്ന് വി ജോയി കുടുംബത്തിന് ഉറപ്പു നൽകി. പങ്കുള്ള നേതാക്കളുടെ സ്വത്ത് കണ്ടെത്തി നിക്ഷേപകർക്ക് ലഭ്യമാക്കാൻ പരിശ്രമിക്കുമെന്നും ജോയി ഉറപ്പു നൽകി. ജില്ലാ സെക്രട്ടറിയും ഗം മി സത്യൻ, നെടുങ്ങണ്ട് ഏരിയ സെക്രട്ടറി കെ പി പ്രമോദ്, ഏരിയ കമ്മിറ്റിയംഗം സി സാബു എന്നിവരും ഒപ്പമുണ്ടായിരുന്നു.

അനുമതി പിൻവലിച്ചെന്ന് ദേവസ്വം ബോർഡ്

കൊച്ചി

ശബരിമല ക്ഷേത്രാങ്കണത്തിൽ അയ്യപ്പന്റെ പഞ്ചലോഹവിഗ്രഹം സ്ഥാപിക്കാൻ ഒരു വ്യക്തിക്ക് നൽകിയ അനുമതി പിൻവലിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഹൈക്കോടതിയെ അറിയിച്ചു. തന്ത്രിയുമായി വിഷയം ചർച്ച ചെയ്യുന്നതായും ദേവസ്വം ബോർഡ് സത്യവാങ്മൂലമായി നൽകിയ തുക്കിയതാക്കി. കോടതി നിർദേശപ്രകാരം പമ്പ പൊലീസിൽ പരാതി നൽകിയതായും അറിയിച്ചു.

ബാങ്ക് പണയസ്വർണ്ണം
ബാങ്കിൽ പണയംവെച്ച സ്വർണ്ണം കമ്മീഷൻ ഇല്ലാതെ മാർക്കറ്റ് വിലക്ക് എടുക്കുന്നു.
ജില്ലകളിലെല്ലാം സർവ്വീസ്.
സജിത ജ്വല്ലറി
9847949679

പണയ സ്വർണ്ണം
പണയംവെച്ച സ്വർണ്ണം കമ്മീഷനില്ലാതെ മാർക്കറ്റ് വിലക്ക് എടുക്കുന്നു.
ജില്ലകളിലെല്ലാം സർവ്വീസ്.
റോയൽ ഗോൾഡ്
9048 917 916

വിദ്യാഭ്യാസ വാർത്ത

അസാപ് കേരളയിൽ വിവിധ കോഴ്സുകൾ അപേക്ഷ 18 വരെ

ADDITIONAL SKILL ACQUISITION PROGRAMME
asap

കൊച്ചി

ഇന്നത്തെ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അസാപ് കേരള വിവിധ കോഴ്സുകളിൽ അപേക്ഷ ക്ഷണിച്ചു. ആഗസ്ത് 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിവരങ്ങൾക്ക്: https://asapkerala.gov.in, ഫോൺ: 09495999623

കോഴ്സുകൾ

ജർമൻ എ1: ജർമൻ ഭാഷയുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനകാര്യങ്ങളിൽ പ്രാവീണ്യം നേടുന്നതിനുള്ള കോഴ്സാണിത്. ഭാഷയ്ക്കുപുറമേ, ജർമൻ മര്യാദകൾ, പാരമ്പര്യങ്ങൾ, സാംസ്കാരിക സൂക്ഷ്മതകൾ എന്നിവയിലേക്ക് കോഴ്സ് പരിചയപ്പെടുത്തും. കോഴ്സ് ദൈർഘ്യം: 100 മണിക്കൂർ

വെബ് ഡെവലപ്മെന്റ്: ആധുനികവും പ്രതികരണശേഷിയുള്ളതുമായ വെബ്സൈറ്റുകൾ നിർമിക്കുന്നതിന് ആവശ്യമായ കഴിവുകൾ നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന കോഴ്സാണിത്. യോഗ്യത: കോഡിങ്ങിൽ അടിസ്ഥാന അറിവുള്ള വിദ്യാർഥികൾ/ബിരുദധാരികൾ. കോഴ്സ് ദൈർഘ്യം: 200 മണിക്കൂർ.

സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മെഡിക്കൽ കോഡിങ് ആൻഡ് മെഡിക്കൽ ബില്ലിങ്: രോഗനിർണയം, നടപടിക്രമങ്ങൾ, മെഡിക്കൽ സേവനങ്ങൾ, ഉപകരണങ്ങൾ എന്നിവ സാർവത്രിക മെഡിക്കൽ ആൾഫാ ന്യൂമെറിക് കോഡുകളാക്കി മാറ്റാൻ ഈ കോഴ്സ് സഹായിക്കും. യോഗ്യത: 60 ശതമാനത്തിൽ കൂടുതൽ മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ ബിരുദം. മുൻ വർഷങ്ങളിൽ ബാക്ക് പേപ്പറുകൾ ഇല്ല. ജിൽ അസോസിയേറ്റ് ഡിഗ്രി വിഭാഗത്തിലുള്ള കോഴ്സുകൾക്കും അപേക്ഷിക്കാം. കോഴ്സ് ദൈർഘ്യം: 254 മണിക്കൂർ

ആൻഡ്രോയിഡ് ആപ് ഡെവലപ്മെന്റ് കോഴ്സ്: പ്രവർത്തനപരവും ശ്രദ്ധപരമായി ആകർഷകവുമായ ആൻഡ്രോയിഡ് ആപ്പിക്കേഷനുകൾ നിർമിക്കാൻ സജ്ജമാക്കുന്നതാണ് കോഴ്സ്. യോഗ്യത: കോഡിങ്ങിൽ അടിസ്ഥാന അറിവുള്ള വിദ്യാർഥികൾ/ബിരുദധാരികൾ. കോഴ്സ് ദൈർഘ്യം: 120 മണിക്കൂർ

ഓട്ടോ ഡെസ്ക് ബി. ഫോൾ ആർക്കിടെക്ചർ പഠിക്കാൻ ഡിപ്ലൊമ ഡെവലപ്മെന്റ്: നിർമാണമേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ ഒന്നാണ് ഓട്ടോഡെസ്കിന്റെ ബിൽഡിങ് ഇൻഫർമേഷൻ മോഡലിങ്. യോഗ്യത: ബിടെക് സിവിൽ എൻജിനിയറിങ്, ഡിപ്ലോമ ഇൻ സിവിൽ എൻജിനിയറിങ്, ബി ആർക്ക്, ഇന്റീരിയർ ഡിസൈൻ ആൻഡ് ആർക്കിടെക്ചർ എന്നീ കോഴ്സുകൾ പഠിക്കുന്നവർക്ക് അവസരം. കോഴ്സ് ദൈർഘ്യം: 45 മണിക്കൂർ.

സൈബർ സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ അനലിസ്റ്റ്: സൈബർ ആക്രമണങ്ങൾക്കിന്ന് കംപ്യൂട്ടർ ഓപ്പറേറ്റിങ് സിസ്റ്റങ്ങൾ, നെറ്റ്‌വർക്കുകൾ, ഡാറ്റ എന്നിവയെ പ്രതിരോധിക്കുന്നതിന് ആവശ്യമായ അറിവും വൈദഗ്ധ്യവും നൽകുകയാണ് കോഴ്സ് ലക്ഷ്യം. യോഗ്യത: ബിരുദം പൂർത്തിയാക്കിയവർ, പഠിക്കുന്നവർ. കോഴ്സ് ദൈർഘ്യം: 320 മണിക്കൂർ.

■ കിം 2025

എംബിബിഎസ്, ബിഡിഎസ് അലോട്മെന്റ് ഷെഡ്യൂൾ പുനക്രമീകരിച്ചു

തിരുവനന്തപുരം

മെഡിക്കൽ കൗൺസലിങ് കമ്മിറ്റിയുടെ നിർദേശത്തെത്തുടർന്ന് കേരളത്തിലെ എംബിബിഎസ്, ബിഡിഎസ് കോഴ്സുകളുടെ ഒന്നാം ഘട്ട സ്റ്റേറ്റ് കൗൺസലിങ് ഷെഡ്യൂൾ പുനക്രമീകരിച്ചു. അപേക്ഷകർക്ക് 9 മുതൽ 15ന് രാത്രി 11.59 വരെ ഓപ്ഷൻ ജിസിഡേഷൻ/ഡിലിഷൻ/പുനക്രമീകരണം എന്നിവയുള്ള സൗകര്യം വെബ് സൈറ്റിൽ വിണ്ടും ലഭ്യമാകും.

ഈ സാഹചര്യത്തിൽ 5ന് പ്രസിദ്ധീകരിച്ച താൽക്കാലിക അലോട്മെന്റ് 15 വരെ ലഭ്യമാകുന്ന ഓപ്ഷനുകൾ കൂടെ ഉൾപ്പെടുത്തി 16ന് പുനഃപ്രസിദ്ധീകരിക്കും. 18ന് അന്തിമ അലോട്മെന്റും പ്രസിദ്ധീകരിക്കുമെന്നും പ്രവേശന പരീക്ഷാ കമിഷണർ അറിയിച്ചു. വിവരങ്ങൾക്ക്: www.cee.kerala.gov.in

സ്റ്റോട്ട് അഡ്മിഷൻ ഇന്ന്
തിരുവനന്തപുരം
കോളജ് ഓഫ് എൻജിനിയറിങ്ങിൽ (സിഇടി) എംസിഎയിൽ രണ്ട് ദിവിഡുകളിലേക്ക് (കാറ്റഗറി – എസ്സി/എം, ഇഡബ്ല്യൂഎസ്) സ്റ്റോട്ട് അഡ്മിഷൻ വ്യാഴം പകൽ 11ന്. വിവരങ്ങൾക്ക്: www.cet.ac.in.

സ്റ്റോട്ട് അഡ്മിഷൻ ഇന്ന്
തിരുവനന്തപുരം
എ പി ജെ അബ്ദുൽ കലാം ടെക്നിക്കൽ സർവകലാശാലയുടെ സഹകരണത്തോടെ ഗവ. എൻജിനിയറിങ് കോളജ്, ബാർട്ടൺഹില്ലിൽ നടത്തിവരുന്ന എംടെക് ടാൻസിലേഷനുകൾ എൻജിനിയറിങ് പ്രോഗ്രാമിലേക്ക് പ്രവേശനം. ബിടെക് വിജയിച്ചവർക്ക് അപേക്ഷിക്കാം. തിരുവനന്തപുരം ഗവ. എൻജിനിയറിങ് കോളജിലെ ടിപിഎൽസിയിൽ വ്യാഴം രാവിലെ 10നാണ് സ്റ്റോട്ട് അഡ്മിഷൻ. വിവരങ്ങൾക്ക്: www.gecbh.ac.in/www.tplc.gecbh.ac.in. ഫോൺ: 7736136161, 9995527866, 99955 27865.

സംയോജിത പഞ്ചവത്സര എൽഎൽബി രണ്ടാംഘട്ട അലോട്ട്മെന്റ്
തിരുവനന്തപുരം
സംയോജിത പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിൽ കേരളത്തിലെ ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റുകളിലേയ്ക്കും, സ്വകാര്യസ്വാശ്രയ ലോ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിലേയ്ക്കും പ്രവേശനത്തിനുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ തുടങ്ങി. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് വിദ്യാർത്ഥികൾക്ക് അവരുടെ ഓൺലൈൻ ഓപ്ഷൻ പുനക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിനും സൗകര്യമുണ്ട്. വിവരങ്ങൾക്ക്: www.cee.kerala.gov.in

റിയൽ ജ്വല്ലറി
കമ്മീഷനില്ലാതെ പണയസ്വർണ്ണം ബാങ്കിൽ വന്ന് പണമടച്ച് മാർക്കറ്റ് വിലക്കെടുക്കുന്നു.
എല്ലാ ജില്ലകളിലും സർവ്വീസ്
9895924017

മദ്യപാനം
പূർണമായും നിർത്താൻ
7 ദിവസത്തിനുള്ളിൽ ഫലം കണ്ട് തുടങ്ങും. അറിഞ്ഞും അറിയാതെയും കൊടുക്കാം. പാർശ്വഫലങ്ങൾ ഒന്നും തന്നെയില്ല. നേരിട്ടെത്തിക്കുന്നു.
പ്രകൃതി ആയുർവേദിക്സ്
ഡോക്ടറോട് സംസാരിക്കാം
Mob: 7025188663

പണയ സ്വർണ്ണം
കമ്മീഷനില്ലാതെ ഉയർന്ന വിലയ്ക്ക് തിരിച്ചെടുക്കുന്നു
മേഘ ജ്വല്ലറി
8714218899

പണയ സ്വർണ്ണം
ഉയർന്ന വിലയ്ക്ക്
കമ്മീഷനില്ലാതെ പണയത്തിലുള്ള സ്വർണ്ണം വിണ്ടെടുത്ത് വിൽക്കുവാൻ സഹായിക്കുന്നു
ജില്ലകളിലെല്ലാം സർവ്വീസ്
ഫെയ്മസ് ഗോൾഡ്
9447792916

താലൂക്ക്തല ഓഫീസുകളിൽ
സ്റ്റാഫ് നിയമനം
(15,000-35,000) (Below: 30)
7994438753
9656567818

എല്ലാ ജില്ലകളിലും 77 ഒഴിവുകൾ വിതം
Any qualification.
(13500 – 35000)
8590616866

പണയ സ്വർണ്ണം
കമ്മീഷനില്ലാതെ ഉയർന്ന വിലയ്ക്ക് തിരിച്ചെടുക്കുന്നു
ജില്ലകളിലെല്ലാം സർവ്വീസ്
കൈരളി ജ്വല്ലറി
9895 200 571

പണയ സ്വർണ്ണം
ബാങ്കിൽ പണയംവെച്ച സ്വർണ്ണം കമ്മീഷൻ ഇല്ലാതെ മാർക്കറ്റ് വിലക്ക് എടുക്കുന്നു.
ജില്ലകളിലെല്ലാം സർവീസ്
ലാലി ഗോൾഡ്
95 44 795 795

ദർഘാസ് പരസ്യം

ഓച്ചിറ ഗവൺമെന്റ് ഹൈസ്കൂൾ യൂണിഫോമിന് വേണ്ടി ദർഘാസ് ക്ഷണിക്കുന്നു. 13/08/2025 വൈകിട്ട് 4 മണിക്ക് മുമ്പ് സ്കൂൾ ആഫീസിൽ എത്തിക്കേണ്ടതാണ്.

CHANGE OF NAME

I, S/O. SURESH BABU. T., RAJENDRA VILASAM, ULAKODU, VAKKANADU, PO., KOLLAM HAD CHANGED MY NAME FROM MALAYALAM. S.S. TO KARTHI. S AS PER THE OFFICIAL GEZETTE NOTIFICATION PUBLISHED ON 17.10.2017 NO. 41 VOLUME 6 PART IV. MY INTENTION WAS TO CHANGE THE NAME TO KARTHI S. BUT THE NAME WAS PUBLISHED AS KARTHI.S. DUE TO TYPOGRAPHICAL ERROR. THEREFORE THE NAME IS TO BE CHANGED FROM KARTHI. S TO KARTHI S.

CHANGE OF NAME

I CHAMAVILAYIL KIZHAKKEPURA HANEEFA KANNU RAWTHER SALAM HOLDER OF PASSPORT NUMBER T468841 Do here By Change My Name To ABDUL SALAM H (ABDUL SALAM HANEEFA KANNU RAWTHER) AS PER MY PANCARD BZPPH4749L for all purposes i.e. but not limited to effect the change in all my other public documents.

ഇടിവ ഗ്രാമപഞ്ചായത്ത്
വയ്യാംപ്പിള, കൊല്ല - ജില്ല, ഫോൺ: 04742439523

നം. 17/2025 06/08/2025

ഇടിവ ഗ്രാമപഞ്ചായത്തിലെ 2025-26 വർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥ യുമായ പ്രോജക്ട് നമ്പർ 84/25 വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ അംഗീകൃത വിതരണക്കാരിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾ www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിലെ വിൻഡോ നമ്പർ G257777/2025 നിന്നോ ഇടിവ ഗ്രാമപഞ്ചായത്തിലെ ഐസിഡിഎസ് സൂപ്പർവൈസർ ഓഫീസിൽ നിന്നോ അറിയാവുന്നതാണ്.

(ഒപ്പ്) ഐസിഡിഎസ് സൂപ്പർവൈസർ

ഡൊറാക്കരി ബ്ലോക്ക് പഞ്ചായത്ത്
ഫോൺ: 04742454694

നം. കെ.ബി 1/133/25 03/03/2025

ഇ ടെണ്ടർ പരസ്യം

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് MPLADS പദ്ധതിയിലുൾപ്പെട്ട 7 റോഡ് നിർമ്മാണ സിവിൽ പ്രവൃത്തികൾക്ക് അംഗീകൃത കരാറുകാരിൽ നിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

പ്രവൃത്തിയുടെ തരം: സിവിൽ പ്രവൃത്തി, ആകെ പ്രവൃത്തികൾ: 7, അടങ്കൽ തുക: 2 ലക്ഷം മുതൽ 10 ലക്ഷം വരെ

ഇ ടെണ്ടർ സമർപ്പിയ്ക്കുന്ന അവസാന തീയതി: 14/08/2025 06.00pm, ഇ ടെണ്ടറുമായുള്ള കൂടുതൽ വിവരങ്ങൾക്ക് www.etenderskerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക, ടെണ്ടർ സംബന്ധിച്ച വിശദവിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ കൊട്ടാരക്കര ബ്ലോക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്) സെക്രട്ടറി

കേരള സംസ്ഥാന ഭാഗ്യക്കുറി DHANALEKSHMI DL 12 DRAW RESULT 06/08/2025

നറുക്കെടുപ്പ് തീയതി പ്രകാരം

നറുക്കെടുപ്പ് തീയതി			
നറുക്കെടുപ്പ് തീയതി പ്രകാരം ₹ 1 കോടി DW 248735	DN 248735	DO 248735	DP 248735
	DR 248735	DS 248735	DT 248735
	നറുക്കെടുപ്പ് തീയതി പ്രകാരം ₹ 5000	DU 248735	DV 248735
		DX 248735	DY 248735
		DZ 248735	

നറുക്കെടുത്ത നമ്പറുകൾ അവസാനിക്കുന്ന മിക്കവാറുകൾ